# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമുള്ള ചോദ്യം നമ്പർ - 186

## 12.06.2018 - ലെ മറുപടിയ്ക്ക്

ട്രഷറികളുടെ ആധുനികവത്കരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.പി.ഉണ്ണി**<br>**ശ്രീ.എൻ.വിജയൻ പിള്ള** | **ധനകാര്യവും കയറും വകുപ്പ് മന്ത്രി**<br>**ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമ്പത്തിക ഇടപാടുകൾ സുതാര്യവും എളുപ്പവുമാക്കാൻ സാധിക്കും വിധം ട്രഷറികളുടെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ട്രഷറികൾ ആധുനികവത്കരിക്കുന്നതുമായി ബന്ധപ്പെട്ട രണ്ട് പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു.<br>1) ഐ.എഫ്.എം.എസ് (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)<br>ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പൂർണ്ണമായും കടലാസ് രഹിത കറൻസി രഹിത ഇടപാടുകളിലേക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയി തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെ തന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചു.<br>2) ടി.ഐ.ഡി.പി (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)<br>ഇടപാടുകാർക്ക് കൂടുതൽ ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി ആധുനിക ബാങ്കിങ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്. |
| (ബി) | ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ പൂർണ്ണമായും ഐ.എഫ്.എം.എസ് സംവിധാനത്തിലൂടെയാണ് ഇപ്പോൾ നടത്തുന്നത്. ഇടപാടുകാർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ ബാങ്കിങ്, ഇന്റർനെറ്റ് ബാങ്കിങ്, കടലാസ്സ് രഹിത ഇടപാടുകൾ |

| | | |
|---|---|---|
| | | തുടങ്ങിയവയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷാവസാനത്തോട്ടു കൂടി ഇവയും ഏർപ്പെടുത്തുന്നതാണ്. |
| (സി) | മുഴുവൻ ട്രഷറി ഇടപാടുകളും ഓൺലൈൻ സംവിധാനത്തിൽ ആക്കിയിട്ടുണ്ടോ; | വിവരസാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ട്രഷറികളിൽ നടപ്പിലാക്കിയ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ (ഐ.എഫ്.എം.എസ്) ലക്ഷ്യം. ട്രഷറികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1) ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഇന്റർനെറ്റ് ബാങ്കിങ് സൗകര്യവും യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യവും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.<br>2) ട്രഷറി അക്കൗണ്ട് ഇടപാടുകൾക്ക് മൊബൈൽ ആപ്ലിക്കേഷൻ സൗകര്യം ലഭ്യമാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു.<br>3) നിലവിൽ എല്ലാത്തരം ബില്ലുകളും ഓൺലൈൻ രീതിയിൽ സമർപ്പിക്കുന്നതിനോടൊപ്പം ബില്ലുകളുടെ കടലാസ് പ്രിന്റും (Physical Copy), ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിട്ട് ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. പൂർണ്ണമായും ഓൺലൈൻ രീതി നടപ്പിൽ വരുത്തുന്നതോട്ടു കൂടി ബില്ലുകളുടെ physical copy സമർപ്പിക്കേണ്ടി വരില്ല. പകരമായി ഡിജിറ്റൽ ഒപ്പോടുകൂടിയ കടലാസ് രഹിത ബില്ല് സമർപ്പണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | ട്രഷറി സേവിംഗ്സ് ബാങ്കിന് മറ്റ് ബാങ്കുകളുമായി സഹകരിച്ച് എ.ടി.എം കൗണ്ടറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഉണ്ട് . ബാങ്കുകൾ മുഖേന ട്രഷറി ഇടപാടുകാർക്ക് എ.ടി.എം സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ-യുമായും ബാങ്കുകളുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു. |
| (ഇ) | പെൻഷൻകാർക്കായി എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ട്രഷറികളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | പെൻഷൻകാരുടെ പെൻഷൻ സംബന്ധമായ വിവരങ്ങൾ; പ്രതിമാസ പെൻഷൻ, കുടിശ്ശിക വരവ് വച്ചതിന്റെ വിവരങ്ങൾ, ആദായ നികുതി സംബന്ധമായ കാര്യങ്ങൾ തുടങ്ങിയ വിവരങ്ങൾ പെൻഷൻ പോർട്ടൽ (29.07.2017 തീയതിയിലെ സ.ഉ(അച്ചടി) നം.100/2017/ധന) വഴി പെൻഷൻകാർക്ക് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ